**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4800** **13-03-2023 - ൽ മറുപടിയ്ക്ക്**

**കേരളാ വാട്ടർ അതോറിറ്റിയിലെ എച്ച്.ആർ. ജീവനക്കാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ എച്ച്.ആർ. വിഭാഗം കരാർ ജീവനക്കാർ ഏതൊക്കെ വിഭാഗങ്ങളിലാണ് ജോലി ചെയ്യുന്നതെന്നും ഇവരുടെ ദിവസ വേതനം എത്രയാണെന്നും അറിയിക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ കരാറുകാർ നൽകുന്ന തൊഴിലാളികൾ ജോലി നോക്കുന്ന വിഭാഗങ്ങളും, നൽകി വരുന്ന ദിവസ വേതനവും അനുബന്ധമായി ചേർത്തിട്ടുണ്ട്. മീറ്റർ റീഡർമാർക്ക് എടുക്കുന്ന റീഡിംഗിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകി വരുന്നത്. (വേതനത്തിൽ കരാർ അനുസരിച്ച് വ്യത്യാസങ്ങൾ ഉണ്ടാകാറുണ്ട്). |
| (ബി) | പ്രസ്തുത ജീവനക്കാരുടെ ദിവസ വേതനം നിശ്ചയിക്കുന്നത് സർക്കാർ നൽകുന്ന ദിവസ വേതനാടിസ്ഥാനത്തിലാണോ അല്ലെങ്കിൽ പി.ഡബ്ല്യൂ.ഡി. കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന എസ്.ഒ.ആർ. പ്രകാരമാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | 2020 ഏപ്രിൽ മാസം മുതൽ വാട്ടർ അതോറിറ്റി ബോർഡ് തീരുമാനപ്രകാരം PWD SOR 2012 പ്രകാരം ഉള്ള തുകയിൽ 25% ഇടക്കാല വർധന വരുത്തിയാണ് ദിവസ വേതനം നൽകി വരുന്നത്.<br><br>MARCH (Monitoring Accounting and Reporting by Centralised HR system) സോഫ്റ്റ്‌വെയറിൽ ഡ്യൂട്ടി രേഖപ്പെടുത്തി ബന്ധപ്പെട്ട ഓഫീസുകളിൽ അംഗീകരിച്ച ഹെഡ് ഓഫീസിലേക്ക് സമർപ്പിക്കുന്നു. ഹെഡ് ഓഫീസിൽ MARCH സോഫ്റ്റ്‌വെയറിലെ എൻട്രികൾ പരിശോധിച്ച് HR വേതനം അനുവദിക്കുന്നു. |
| (സി) | എങ്കിൽ പ്രസ്തുത ജീവനക്കാർക്ക് ഏത് വർഷത്തെ നിരക്ക് പ്രകാരമാണ് വേതനം നൽകുന്നതെന്ന് വ്യക്തമാക്കാമോ; ഇവർക്ക് വേതനം നൽകുന്ന സംവിധാനം എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; | (സി) | 2020 ഏപ്രിൽ മാസം മുതൽ വാട്ടർ അതോറിറ്റി ബോർഡ് തീരുമാനപ്രകാരം PWD SOR 2012 പ്രകാരം ഉള്ള തുകയിൽ 25% ഇടക്കാല വർധന വരുത്തിയാണ് ദിവസ വേതനം നൽകി വരുന്നത്.<br><br>MARCH (Monitoring Accounting and Reporting by Centralised HR system) സോഫ്റ്റ്‌വെയറിൽ ഡ്യൂട്ടി രേഖപ്പെടുത്തി ബന്ധപ്പെട്ട ഓഫീസുകളിൽ അംഗീകരിച്ച ഹെഡ് ഓഫീസിലേക്ക് സമർപ്പിക്കുന്നു. ഹെഡ് ഓഫീസിൽ MARCH സോഫ്റ്റ്‌വെയറിലെ |

| | | | |
|---|---|---|---|
| | | | എൻട്രികൾ പരിശോധിച്ച് HR വേതനം അനുവദിക്കുന്നു. |
| (ഡി) | വാട്ടർ അതോറിറ്റിയിൽ മറ്റ് ഏതെങ്കിലും കരാർ ജീവനക്കാർക്ക്/ദിവസ വേതനക്കാർക്ക് എച്ച്.ആർ. കരാർ ജീവനക്കാരെക്കാൾ ഉയർന്ന ദിവസ വേതനം നൽകുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വിഭാഗക്കാർക്ക് എത്ര തുക വീതമാണെന്നും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത വേതനം നൽകുന്നതെന്നും അറിയിക്കാമോ; | (ഡി) | കരാറുകാരുടെ ജീവനക്കാർക്ക് കരാർ അനുസരിച്ചുള്ള തുകയാണ് നൽകുന്നത്. |
| (ഇ) | പ്രസ്തുത ജീവനക്കാരുടെ വേതനം ബാങ്ക് അക്കൗണ്ടിലൂടെ നൽകാൻ നടപടി സ്വീകരിക്കുമോ; എല്ലാ മാസവും ഹെഡ് ഓഫീസിൽ നിന്നും അനുവദിക്കുന്ന ഫണ്ട് അടുത്ത 5 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ എല്ലാ സബ് ഡിവിഷനുകളിലും വിതരണം ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഇ) | എച്ച്.ആർ.ശമ്പളം, അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ട കരാറുകാരന് ആണ് നൽകുന്നത്. എല്ലാ മാസവും ഹെഡ് ഓഫീസിൽ നിന്നും അനുവദിക്കുന്ന ഫണ്ട് പരിശോധനകൾക്ക് ശേഷം താമസംവിനാ നൽകുന്നുണ്ട്. എന്നിരുന്നാലും ടി തുക കരാറുകാരന്, എത്രയും വേഗം നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്. |
| (എഫ്) | എച്ച്.ആർ. ജീവനക്കാരുടെ വേതനത്തിൽ നിന്നും ജി.എസ്.ടി. ടാക്സുകൾ കോൺട്രാക്ടർമാർ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ടാക്സ് ഈടാക്കേണ്ട സാഹചര്യം വ്യക്തമാക്കാമോ; ഇത് ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എഫ്) | കരാറുകാർ മുഖേന ജോലി ചെയ്യുന്ന തൊഴിലാളികൾക്ക്, കരാർ അനുസൃതമായുള്ള വേതനമാണ് കരാറുകാരന്, വാട്ടർ അതോറിട്ടി, നൽകുന്നത്. അതിൽ കരാറുകാരൻ എത്ര രൂപയാണ് തൊഴിലാളികൾക്ക് നൽകുന്നത് എന്നത് സംബന്ധിച്ച കൂടുതൽ വിവരം വ്യക്തമല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl. No | Name | Category | Unit | Rate in Rs |
|---|---|---|---|---|
| | | | | Revised |
| 1 | Meter Reader Uraban (Corparation) | Meter Reader | Nos | 11.25 |
| 2 | Meter Reader Uraban (Muncipality) | Meter Reader | Nos | 13.5 |
| 3 | Meter Reader Uraban (Rural) | Meter Reader | Nos | 15 |
| 4 | Sweeper(part time) | Sweeper | Day | 200 |
| 5 | Security Services | Security | Day | 375 |
| 6 | Office Assistant | Office Assistant | Day | 450 |
| 7 | Mazdoor-Man and Women | Mazdoor | Day | 471 |
| 8 | Valve Operator | Valve Operator | Day | 471 |
| 9 | Lab Assistant | Lab Assistant | Day | 471 |
| 10 | Watcher | Security | Day | 471 |
| 11 | Sweeper | Sweeper | Day | 471 |
| 12 | Cleaner Special | Cleaner | Day | 471 |
| 13 | Cleaner | Cleaner | Day | 495 |
| 14 | Driver (LMV) | Driver | Day | 495 |
| 15 | Lineman | Lineman | Day | 495 |
| 16 | Gardner | Gardner | Day | 495 |
| 17 | Pump Operator | Pump Operator | Day | 495 |
| 18 | Typist | Typist | Day | 495 |
| 19 | Revenue Assistant/Computer Operator | Revenue Assistant | Day | 495 |
| 20 | Mazdoor-Heavy load mazdoor | Mazdoor | Day | 495 |
| 21 | Security Guard (Employment Exchange) | Security | Day | 500 |
| 22 | Typist (Employment Exchange) | Typist | Day | 500 |
| 23 | Operator (Employment Exchange) | Pump Operator | Day | 500 |
| 24 | Clerk (Employment Exchange) | Office Assistant | Day | 500 |
| 25 | Data Entry Operator (Employment Exchange) | Data Entry Operator | Day | 500 |
| 26 | Special Mazdoor for surveying | Mazdoor | Day | 510 |
| 27 | Driver (Heavy) | Driver | Day | 545 |
| 28 | Electrician | Electrician | Day | 554 |
| 29 | Driver (Employment Exchange) | Driver | Day | 563 |
| 30 | Mechanic | Mechanic | Day | 589 |
| 31 | Plumber/Pipe fitter | Plumber/Pipe fitter | Day | 589 |
| 32 | Chemist | Chemist | Day | 589 |
| 33 | Computer Operator (Employment Exchange) | Computer Operator | Day | 625 |
| 34 | Skilled Assistant (I.T.I , I.T.C, etc) | Skilled Assistant | Day | 631 |
| 35 | Bacteriologist | Lab Assistant | Day | 631 |

| | | | | |
|---|---|---|---|---|
| 36 | Skilled Assistant for JICA (I.T.I holder-Electrical) | JICA Special | Day | 631 |
| 37 | Instrumentation Technician for JICA (Diploma Holder) | JICA Special | Day | 673 |
| 38 | Process Chemist for JICA (Bsc Chemistry) | JICA Special | Day | 673 |
| 39 | KEXCON only for PH Dn Trivandrum South | Security | Day | 810 |